# Malayala Manorama

# 19 August 2018

# Kerala, Flood, Flood Victims, Monsoon Fury, Death Toll

# കണ്ണെത്താതെ

## അവരെ കാത്ത് അഞ്ചാം ദിവസവും നമ്മൾ

### ഇപ്പോഴും കുടുങ്ങി ആയിരങ്ങൾ: ചെങ്ങന്നൂരിൽ രക്ഷാപ്രവർത്തകർ കണ്ടെത്തിയത് 10 മൃതദേഹങ്ങൾ

- സർക്കാർ കണക്കിൽ കാണാതായവർ 388
- 58,506 പേരെ കൂടി രക്ഷിച്ചു
- ക്യാംപുകളിൽ 8.87 ലക്ഷം പേർ

**മരണം 195**

**മനോരമ ലേഖകർ**

രക്ഷാപ്രവർത്തനത്തിനു വേഗമേറിയെങ്കിലും പ്രളയക്കെടുതികളുടെ നാലാം ദിവസവും ആശങ്ക ബാക്കി. ചെങ്ങന്നൂർ മേഖലയടക്കമുള്ള പമ്പാതടത്തിൽ രണ്ടായിരത്തിയഞ്ഞൂറോളംപേരെ രക്ഷിച്ചെന്നാണ് ഔദ്യോഗിക കണക്കെങ്കിലും ആയിരങ്ങൾ ഇപ്പോഴും ബാക്കി.

ചരിത്രത്തിലെ ഏറ്റവും വലിയ വെള്ളപ്പൊക്കം ബാധിച്ച കുട്ടനാട്ടിൽനിന്ന് ആയിരക്കണക്കിനു പേരെ ഇന്നലെയും ഒഴിപ്പിച്ചു. 2.10 ലക്ഷം ജനസംഖ്യയുള്ള മേഖലയിൽ ഒന്നരലക്ഷത്തിലേറെപ്പേരും വീടൊഴിഞ്ഞു പോയി.

വെള്ളമിറങ്ങിയ ചാലക്കുടി മേലൂർ മേഖലയിൽ കുടുങ്ങിക്കിടന്നിരുന്ന ഭൂരിഭാഗംപേരെയും രക്ഷിച്ചു. പാലക്കാട്ട് നെല്ലിയാമ്പതിയിലേക്കുള്ള പാത തകർന്നു മൂവായിരത്തോളംപേർ വിവിധ പ്രദേശങ്ങളിൽ ഒറ്റപ്പെട്ടു. സംസ്ഥാനത്ത് ഇന്നലെ മാത്രം 58,506 പേരെ രക്ഷിച്ചെന്നും 388 പേരെ കാണാനില്ലെന്നും സർക്കാർ അറിയിച്ചു.

രക്ഷാപ്രവർത്തനത്തിൽ ഏറ്റവും വെല്ലുവിളി നേരിടുന്നതു പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായുള്ള പമ്പാതടത്തിലാണ്. ചെങ്ങന്നൂർ പാണ്ടനാട്, തിരുവൻവണ്ടൂർ മേഖലകളിലാണു കൂടുതൽപേർ കുടുങ്ങിയത്. ചെങ്ങന്നൂരിൽ രക്ഷാപ്രവർത്തകർ 10 മൃതദേഹങ്ങൾ കണ്ടെടുത്തത് ആശങ്കയുണ്ടാക്കുന്നു.

അഞ്ചു മൃതദേഹങ്ങൾ പാണ്ടനാട് ഇല്ലിമല പാലത്തിനു സമീപമാണു കണ്ടെത്തിയത്. ഒൻപതു മൃതദേഹങ്ങളും ജീർണിച്ചതിനാൽ തിരിച്ചറിഞ്ഞിട്ടില്ല.

ചാലക്കുടി മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ ശാന്തിപുരം കെയർ സെന്ററിൽ രണ്ട് അന്തേവാസികളെ മരിച്ച നിലയിൽ കണ്ടെത്തി.

രണ്ടു ദിവസത്തെ പഴക്കം കണക്കാക്കുന്നു. ആളുകൾ അഭയം തേടിയ നെടുമ്പാശേരി നോർത്ത് കുത്തിയതോട് സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളി കെട്ടിടത്തിന്റെ ഭിത്തി ഇടിഞ്ഞുവീണ് ആറുപേർ മരിച്ചതായാണു വിവരമെന്നു വി.ഡി.സതീശൻ എംഎൽഎ പറയുന്നതും ആശങ്കയുളവാക്കുന്നു.

ഇടുക്കി ചെറുതോണിയിൽ കഴിഞ്ഞ ദിവസം രാത്രിയുണ്ടായ ഉരുൾപൊട്ടലിൽ കാണാതായ നാലുപേരിൽ ഒരാളുടെ മൃതദേഹം കണ്ടെത്തി.

സംസ്ഥാനമാകെ ഇന്നലെ 45മരണംകൂടി റിപ്പോർട്ട് ചെയ്തതോടെ, നാലു ദിവസത്തിനിടെ മൊത്തം മരണം 195 ആയി. പുതുതായി 31 മരണം മാത്രമാണു സർക്കാർ സ്ഥിരീകരിച്ചത്.

ഔദ്യോഗിക വിവരപ്രകാരം 6.61 ലക്ഷം പേരാണു ദുരിതാശ്വാസക്യാംപുകളിലുള്ളത്. എന്നാൽ, ജില്ലകളിൽനിന്നുള്ള കണക്കുകൾ പ്രകാരം സംഖ്യ 8.87 ലക്ഷത്തോളമാണ്. ആലപ്പുഴയിൽ 2.10 ലക്ഷം, തൃശൂരിൽ രണ്ടു ലക്ഷം, എറണാകുളത്ത് 1.81 ലക്ഷം, കോട്ടയത്ത് 67,692 എന്നിങ്ങനെയാണു കണക്ക്. ചെങ്ങന്നൂരിൽ രക്ഷിച്ച പലരുടെയും ആരോഗ്യസ്ഥിതി മോശമാണ്. ഇവിടെ ദുരിതാശ്വാസ പ്രവർത്തനത്തിൽ ഏകോപനമില്ലെന്ന പരാതിക്കിടെ, മേൽനോട്ടം വഹിക്കാൻ മന്ത്രി ജി.സുധാകരനെത്തി.